Email : Keralarcs@coop.kerala.gov.in
Website : www.cooperation.kerala.gov.in
Fax : **0471-2331513, 0471-2331136**

നം. സി.ബി(1)52957/2012 സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി: 11.1.2013.

# **സർക്കുലർ: 01/2013**

വിഷയം:-സഹകരണ വകുപ്പ് - സഹകരണ സ്ഥാപനങ്ങളിലെ/ ബാങ്കുകളിലെ സുരക്ഷാക്രമീകരണങ്ങൾ ശക്തിപ്പെടുത്തുന്നത് - മാർഗ്ഗ നിർദ്ദേശ ങ്ങൾനൽകുന്നതു സംബന്ധിച്ച്.

സൂചന:-1.സഹ: സംഘം രജിസ്ട്രാറുടെ 15.5.1984 ലെ 26/84 നം സർക്കുലർ
2.സഹ: സംഘം രജിസ്ട്രാറുടെ 3.6.1989 ലെ 33/89 നം സർക്കുലർ
3.സഹ: സംഘം രജിസ്ട്രാറുടെ 23.5.2008 ലെ 34(A)2008 നം സർക്കുലർ
4. സഹ: സംഘം രജിസ്ട്രാറുടെ 23.5.2008 ലെ 33/2009 നം സർക്കുലർ

1. സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ കവർച്ചയും കവർച്ചാശ്രമ ങ്ങളും വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ സഹകരണസംഘങ്ങൾ/ബാങ്കുകളിൽ സ്വീ കരിക്കേണ്ടതായ സുരക്ഷാ മുൻകരുതലുകൾ/ക്രമീകരണങ്ങൾ സംബന്ധിച്ച് സൂചന പ്രകാരം വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഈ ആഫീസിൽ നിന്നും പുറപ്പെടുവിച്ചിരു ന്നു.

**2.**ബാങ്ക് കെട്ടിടം ഡിസൈൻ ചെയ്യുമ്പോൾ തന്നെ കാഷ് ചെസ്റ്റ്/ലോക്കർ/സ്ട്രോംഗ് റൂം എന്നിവ സ്ഥാപിക്കുന്നതു സംബന്ധിച്ച തയ്യാറെടുപ്പ്, ഇടപാടുകാർക്ക് ആവശ്യമായ തുക കൈകാര്യം ചെയ്യൽ, ഇടപാടു നടത്തുമ്പോൾ സ്വീകരിക്കേണ്ട സൂക്ഷ്മത, പ്രവേശന കവാടം ക്രമീകരിക്കൽ, ഇടപാടുകാരുടെ ആവശ്യം വേഗതയോടെ നിറവേറ്റൽ, പ്രത്യേകിച്ച് ആവശ്യങ്ങൾ ഇല്ലാതെ ബാങ്കിൽ വരുന്നവരെ നിരീക്ഷിക്കൽ, സെക്യൂരിറ്റി ഉദ്യോഗസ്ഥരുടെ ചുമതലകൾ, ബാങ്കിൽ ക്രമീകരിക്കേണ്ടതായ എമർജൻസിലൈറ്റ്, അലാറം എന്നിവ ഏർപ്പെടുത്തൽ, ശാഖക ളിലേക്ക് പണം കൊണ്ടുപോകുമ്പോൾ സ്വീകരിക്കേണ്ടതായ സുരക്ഷാ ക്രമീകരണ ങ്ങൾ എന്നിവ സംബന്ധിച്ച് സൂചന (1) പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരു ന്നു.

**3.**സംസ്ഥാന പോലീസ് ഡയറക്ടർ ജനറലിന്റെ മാർഗ്ഗനിർദ്ദേശത്തിന്റെ അടി സ്ഥാനത്തിൽ സെക്യൂരിറ്റി ഉദ്യോഗസ്ഥരുടെ നിയമനം, നൈറ്റ്വാച്ചർ തസ്തിക അനു വാദവും നിയമനവും എന്നിവ സംബന്ധിച്ച് സൂചന (2) പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു.

**4.**റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ നിർദ്ദേശിച്ച രീതിയിലുള്ള സ്ട്രോംഗ് റൂം, സ്ട്രോംഗ് റൂം ഡോർ എന്നിവ ഏർപ്പെടുത്തൽ,പ്രവേശന കവാടം ക്രമീകരിയ്ക്കൽ, ചുറ്റുമതിൽ, രഹസ്യ ക്യാമറകൾ/ വെബ് ക്യാമറകൾ, കാര്യക്ഷമമായി പ്രവർത്തി ക്കുന്ന സെക്യൂരിറ്റി അലാറം എന്നിവ സ്ഥാപിക്കൽ, കൈവശം വച്ചിട്ടുള്ള അത്ര തുകയ്ക്കും സ്വർണ്ണാഭരണങ്ങൾക്കും ബാധകമാകത്തക്ക രീതിയിൽ ഇൻഷുറൻസ് പരി രക്ഷ ഉറപ്പുവരുത്തൽ, സഹകരണ ബാങ്കുകൾ സ്ഥിതി ചെയ്യുന്ന സ്ഥലത്ത് രാത്രികാല പോലീസ് പട്രോളിംഗ് ഏർപ്പെടുത്തുന്നതിന് വേണ്ട നടപടികൾ പോലീസ് ഡിപ്പാർട്ടു മെന്റുമായി ബന്ധപ്പെട്ട് സ്വീകരിക്കൽ, ജനകീയ പട്രോളിംഗ് ഏർപ്പെടുത്തൽ, ബാങ്കു കൾ, ശാഖകൾ ആരംഭിക്കുന്നതിന് തെരഞ്ഞെടുക്കുന്ന സ്ഥലങ്ങൾ കൂടുതൽ ജനവാ സമുള്ള കേന്ദ്രങ്ങളായിരിയ്ക്കണം എന്നതു സംബന്ധിച്ചും സുരക്ഷിതമായ കെട്ടിട ങ്ങൾ തെരഞ്ഞെടുക്കണമെന്നും കൂടാതെ കവർച്ചക്കാർ ബാങ്കിലെത്തിയാൽ അക്കാര്യം മനസ്സിലാക്കുന്നതിനും, ആയതിന്റെ അടിസ്ഥാനത്തിൽ ഉടൻ പോലീസിനെ അറിയിക്കു വാനുള്ള സ്ഥിരം സംവിധാനം ബാങ്കുകൾ ഏർപ്പെടുത്തണമെന്നും ഗോൾഡ് സ്റ്റോക്ക് രജിസ്റ്റർ അതാതു ദിവസം തന്നെ എഴുതി പൂർത്തിയാക്കി സാക്ഷ്യപ്പെടുത്തേണ്ടതാണ്

എന്നും ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുന്നത് സംബന്ധിച്ചും സൂചന (3) പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു.

**5**.ഈ ആഫീസിൽ നിന്നും സൂചനകൾ പ്രകാരം വിശദവും വ്യക്തവുമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടും ആയത് പൂർണ്ണമായി പല സ്ഥാപനങ്ങളും പാലിക്കുന്നില്ല എന്ന ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് അടുത്ത കാലത്തായി വർദ്ധിച്ചുവരുന്ന ബാങ്ക് കവർച്ചാകേസുകളിൽ പലതും സഹകരണസ്ഥാപനങ്ങളുമായി ബന്ധപ്പെട്ടവയാണ് എന്നും മതിയായ സുരക്ഷാ ക്രമീകരണങ്ങളുടെ അഭാവവും ഇൻഷുറൻസ് പരിരക്ഷയുടെ അപര്യാപ്തതയും സഹകരണ സ്ഥാപനങ്ങളുടെ വിശ്വാസ്യത നഷ്ടപ്പെടുന്നതിന് കാരണമാകുമെന്നും ബോധ്യപ്പെട്ടതിനെ തുടർന്ന് തുക/സ്വർണ്ണം എന്നിവ കൈകാര്യം ചെയ്യുന്ന എല്ലാ സഹകരണ ബാങ്കുകളിലും നിലവിൽ സൂചന സർക്കുലറുകളിൽ പരമാർശിക്കുന്ന വിധം മതിയായ സെക്യൂരിറ്റി ജീവനക്കാരെ നിയമിച്ചിട്ടില്ലായെങ്കിൽ വിമുക്ത ഭടൻമാരെ കരാർ വ്യവസ്ഥയിൽ നിർബന്ധമായും നിയമിക്കേണ്ടതാണ് എന്നും ഇതിനായി സഹകരണ ബാങ്കുകളിൽ വിമുക്ത ഭടൻമാരെ ൭സെക്യൂരിറ്റിയായി കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് ജോയിന്റ് രജിസ്ട്രാർമാരോട് അപേക്ഷിക്കേണ്ടതും അപേക്ഷ പരിശോധിച്ച് ജോയിന്റ് രജിസ്ട്രാർ ആവശ്യമായ അനുവാദം / അംഗീകാരം നൽകണമെന്നും സൂചന(4) പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു.

**6**.സമീപ കാലത്ത് ചില സഹകരണ സ്ഥാപനങ്ങളിൽ നടന്ന കവർച്ചകൾ പരിശോധിക്കുമ്പോൾ അത്തരം സംഘങ്ങൾക്ക് മതിയായ സുരക്ഷയുണ്ടായിരുന്നില്ലെന്ന് കണ്ടെത്തിയിട്ടുണ്ട്.സംഘങ്ങൾ രജിസ്ട്രർ ചെയ്യുന്ന വേളയിൽ സ്വർണ്ണപണയമെടുക്കുന്ന വ്യവസ്ഥകൾ ബൈലായിൽ നിന്ന് ഒഴിവാക്കേണ്ടതും, പ്രവർത്തനം അനുസരിച്ച് സംഘത്തിന് മതിയായ സുരക്ഷാസംവിധാനം സ്ട്രോങ്ങ്റൂം അടക്കമുള്ള സംവിധാനങ്ങൾ ഉണ്ടാകുന്ന മുറയ്ക്ക് ബൈലോ ഭേദഗതി വരുത്തിയശേഷം അനുമതി നൽകിയാൽ മതിയാകുന്നതാണ്.

**7**.മേൽ പ്രകാരം നിരവധി തവണ നിർദ്ദേശങ്ങൾ നൽകിയിട്ടും മറ്റ് ജില്ലകളെ താരതമ്യം ചെയ്യുമ്പോൾ സഹകരണസംഘങ്ങൾ/ ബാങ്കുകൾ/ ശാഖകൾ വളരെ കുറവായ കാസർഗോഡ് ജില്ലയിൽ പല ബാങ്കുകളിലേയും സുരക്ഷാക്രമീകരണങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ടെന്നും, ശാഖകൾ പൂർണ്ണമായി സുരക്ഷിതമല്ലായെന്നും ബാങ്കുകളിൽ വിന്യസിച്ചിട്ടുള്ള സുരക്ഷാ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കേണ്ടതുണ്ടെന്നും കാസർസോഡ് ജില്ലാ പോലീസ് മേധാവി വിളിച്ചു ചേർത്ത യോഗത്തിൽ ബോധ്യപ്പെട്ടിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാങ്കുകൾ/ സംഘങ്ങൾ CCTV സ്ഥാപിക്കുവാൻ തയാറായാൽ ബാങ്കും പരിസരപ്രദേശങ്ങളും 24 മണിക്കൂറും മോണിറ്റർ ചെയ്യുന്നതാണെന്നും അദ്ദേഹം ഉറപ്പു നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ സൂചനയിലെ മാർഗ്ഗനിർദ്ദേശങ്ങൾക്കു പുറമേ സുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾകൂടി പാലിക്കേണ്ടതാണ്.

1.സഹകരണ സംഘം/ ബാങ്ക്-ന്റെയും ശാഖകളുടേയും -മുൻവാതിൽ/ പിൻവാതിൽ ഭാഗത്തും ഓഫീസിനുള്ളിൽ പൊതുവായും CCTV സ്ഥാപിക്കേണ്ടതാണ്

2.ബാങ്കിന്റെ/ശാഖയുടെ തന്ത്രപ്രധാനമായ ഭാഗങ്ങളിൽ ബർഗ്ളർ അലാറം സ്ഥാപിച്ച്, മാനേജർ/ശാഖാമാനേജർ, തൊട്ടടുത്ത പോലീസ്സ്റ്റേഷൻ/ കൺട്രോൾ റൂമും ആയി ബന്ധപ്പെടുത്തേണ്ടതാണ്

3.സംഘത്തിൽ/ ബാങ്കിൽ സുരക്ഷാ ചുമതലക്കാരായി നിയോഗിക്കപ്പെടുന്നവർ വിശ്വസിക്കാവുന്നവരായിരിക്കേണ്ടതും അവരുടെ മുൻകാലചരിത്രവും, അവരുടെ ചലനങ്ങളും മാനേജർ /ശാഖാ മാനേജർ നിരീക്ഷിക്കേണ്ടതുമാണ്.

4.ജില്ലയിലെ ലീഡ് ബാങ്കിന്റെ ആഭിമുഖ്യത്തിൽ, ബാങ്കിലെ fraud സംബന്ധിച്ചും ATM കാർഡിന്റെ ദുരുപയോഗം സംബന്ധിച്ചും ജീവനക്കാർക്ക് ജില്ലാസഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കേണ്ടതാണ്.

5.ക്രഡിറ്റ്/ ഡെബിറ്റ് കാർഡ് ഉപയോഗിച്ചുള്ള (കംപ്യൂട്ടെറൈസ്ഡ് ATM സംവിധാനമുള്ള ബാങ്കുകൾ) പിൻവലിക്കൽകാർക്ക് മൊബൈൽ അലർട്ട് സംവിധാനം ഏർപ്പെടുത്തണം

6.വ്യാജനോട്ടുകൾ കണ്ടെത്തുന്നതിനും, പ്രചരണം തടയുന്നതിനും ഏറ്റവും നൂതനമായ ഉപകരണങ്ങൾ വാങ്ങുക.

7.വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങൾ/ ബാങ്കുകൾ/ ശാഖകൾ ആണെങ്കിൽ കൂടിയും പൂർണ്ണമായ സുരക്ഷാക്രമീകരണങ്ങൾ ഏർപ്പെടുത്തുക.

8. സാമ്പത്തിക കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ യഥാസമയം ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ കേസു രജിസ്റ്റർ ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഇപ്രകാരം യഥാസമയം നടനടി സ്വീകരിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടാൽ വീഴ്ചവരുത്തുന്ന ഉദ്യോസ്ഥരുടെ മേൽ കർശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.
9. മേൽ നിർദ്ദേശാനുസരണം സഹകരണസംഘങ്ങളിൽ/ ബാങ്കുകളിൽ / ശാഖകളിൽ മതിയായ സുരക്ഷാസംവിധാനം ഏർപ്പെടുത്തുന്നതിൽ ഏതെങ്കിലും തരത്തിലുള്ള വീഴ്ച വരുത്തുന്ന കാരണത്താൽ തുടർന്ന് ഏതെങ്കിലും തരത്തിൽ ബാങ്കിന് നഷ്ടങ്ങൾ സംഭവിക്കുന്നപക്ഷം ആയതിന്റെ പരിപൂർണ ഉത്തരവാദിത്വം ചീഫ് എക്സിക്യൂട്ടിവിനും ഭരണസമിതിക്കും മാത്രമായിരിക്കും എന്ന് വീണ്ടും ഓർമ്മപ്പെടുത്തുന്നു. മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് അതാത് ജോയിന്റ് രജിസ്ട്രാർമാർ ഉറപ്പുവരുത്തേണ്ടതും യൂണിറ്റ് ഇൻസ്പെക്ടർമാർ/അസിസ്റ്റന്റ് രജിസ്ട്രാർമാർ/ജോയിന്റ് രജിസ്ട്രാർമാർ എന്നിവർ തങ്ങളുടെ മിന്നൽ /വിശദ പരിശോധനവേണ്ട കേസിൽ ഇക്കാര്യം പരിശോധിണ്ടേതും റിപ്പോർട്ടിൽ ഈ വിഷയം കൂടി ചേർത്ത് പുരോഗതി സമർപ്പിക്കേണ്ടതുമാണ്.മതിയായ സുരക്ഷാ സംവിധാനങ്ങൾ ഇല്ലാത്തപ്പോൾ ഏതെങ്കിലും സഹകരണസംഘങ്ങൾ സ്വർണ്ണപണയമിടപാട് നടത്തുന്നെങ്കിൽ ടി വായ്പാഇടപാട് നിർത്തലാക്കുന്നതിന് വകുപ്പ് ഉദ്യോഗസ്ഥർ നടപടി സ്വീകരിക്കേണ്ടതും, ഇക്കാര്യത്തിലുണ്ടാകുന്ന വീഴ്ചകൾക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ഉത്തരവാദികളായിരിക്കും എന്ന് ഓർമ്മപ്പെടുത്തുന്നു.

ഒപ്പ്
വി. സനൽകുമാർ
സഹകരണസംഘം രജിസ്ട്രാർ